# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **547**

**27-03-2018** ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ നിർമ്മാണ പുനരധിവാസ പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. വി.എസ്.ശിവകുമാർ :<br>ശ്രീ. എം.വിൻസെന്റ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായ പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നത് വൈകുന്നതായ ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാര വിതരണം കാര്യക്ഷമമായ രീതിയിൽ നടന്നുവരുന്നു. ഇതുവരെ 2382 പേർക്കായി **31.71** കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള ഗുണഭോക്താക്കളുടെ രേഖാ പരിശോധന പൂർത്തിയാക്കി നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഈ പാക്കേജ് നടപ്പിലാക്കുന്നത് വൈകുന്നതിൽ പ്രതിഷേധിച്ച് അടിമലത്തുറയിലെ കമ്പവലക്കാരും തൊഴിലാളികളും തുറമുഖ നിർമ്മാണ കേന്ദ്രത്തിന് മുന്നിൽ നടത്തിയ സമരം ഒത്തുതീർപ്പായത് ഏതൊക്കെ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ; | (ബി) അടിമലത്തുറ മേഖലയിലെ മത്സ്യതൊഴിലാളികൾ 12-03-2018 ന് നടത്തിയ സമരത്തിൽ സർക്കാർ അടിയന്തിരമായി ഇടപെടുകയും 13-03-2018 ന് ബഹു. തുറമുഖ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ടി മേഖലയിലെ മത്സ്യത്തൊഴിലാളി പ്രതിനിധികളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയുമുണ്ടായി. ഈ പ്രദേശത്തെ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യതൊഴിലാളികളുടെ രേഖാപരിശോധന പൂർത്തിയാക്കിയതായും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള LIAC അപ്പീൽ കമ്മിറ്റി ശുപാർശ ചെയ്ത നിരക്കിൽ കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതാണെന്നും അവരെ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | പുനരധിവാസ പാക്കേജ് (സി) അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ? | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാര വിതരണം കാര്യക്ഷമമായ രീതിയിൽ നടന്നുവരുന്നുണ്ട്. ഇതുവരെ 2382 പേർക്കായി **31.71** കോടി രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് ഏതാണ്ട് പതിനെണ്ണായിരത്തോളം അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഈ അപേക്ഷകളെല്ലാം പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ഫിഷറീസ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. രേഖാ പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് ഇക്കാര്യം RDO യുടെ നേതൃത്വത്തിലുള്ള LIAC പരിശോധിക്കുകയും ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. പ്രോജക്റ്റിന്റെ നിർമ്മാണ ഘട്ടത്തിൽ വിവിധ മേഖലകളിലുള്ള തൊഴിലാളികളുടെ ജീവനോപാധികളെ പലതരത്തിലാണ് ബാധിക്കുന്നത്. അതുകൊണ്ട് ഘട്ടംഘട്ടമായി മാത്രമേ പുനരധിവാസ പാക്കേജ് നടപ്പാക്കേണ്ട സാഹചര്യം ഉണ്ടാകുന്നുള്ളൂ. |

**സെക്ഷൻ ഓഫീസർ**